ഉത്തരം

(എ) വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നു. ഇതേവരെ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ഏതാനും പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വഴി സർക്കാരിനു സമർപ്പിക്കുകയും സർക്കാർ അതിൽ 17 എണ്ണത്തിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിയുന്നതും പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർമേഖലയിൽ തന്നെ നിലനിർത്തിയും, മറ്റു ചിലവയെ സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിച്ചും നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പിരിഞ്ഞുപോകേണ്ടിവരുന്ന ജീവനക്കാർക്കായി ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിന് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരിച്ചടി ഉണ്ടായതായി കരുതുന്നില്ല.

(സി). സംസ്ഥാനത്തിന്റേയും തൊഴിലാളികളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള പൊതുമേഖലാ വ്യവസായ പുനഃസംഘടനാ പദ്ധതികളാണ് ഇ.ആർ.സി. മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(ഡി) സ്വന്തം വിഭവസമാഹരണത്തിലൂടെ താഴെ പറയുന്ന കമ്പനികൾ അടുത്തകാലത്തായി ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

1. ടെൽക്ക്
2. കേരള ആട്ടോമൊബൈൽസ്.
3. കെൽട്രോൺ കോംപണന്റ് കോംപ്ലക്സ്.
4. കെ.എസ്.ഐ.ഇ.
5. കേരള ക്ലേയ്സ് ആന്റ് സിറാമിക്സ്.
6. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

12 (4172) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനു പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് വൈദഗ്ദ്ധ്യം നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നു വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി പ്രവർത്തിക്കുന്നതിൽ എത്ര പേർക്ക് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദമോ ഡിപ്ലോമയോ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(എഫ്) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ എം. ഡി.മാരായി കെ.എ.എസ്. തുടങ്ങി അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരും ഏതെല്ലാം സ്ഥാപനങ്ങളിൽ സംസ്ഥാന സർവ്വീസിലെ മറ്റ് ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നു എന്നു വ്യക്തമാക്കുമോ ;

(ജി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കുന്നതിനു പബ്ലിക് എന്റർപ്രൈസ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനം ശക്തമാക്കി നിയമനത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രത്യേകിച്ചു മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(ബി) 17-11-1998-ൽ പുനഃസംഘടിപ്പിച്ച ബോർഡ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിക്കുകയോ കൂടുകയോ ചെയ്തിട്ടില്ല.

(സി) ഇല്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പരിപാടികൾ നടപ്പാക്കുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 72 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(എഫ്) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരും കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡിൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥരും എം. ഡി.യായി പ്രവർത്തിക്കുന്നു.

(ജി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി ടെക്നോക്രാറ്റുകളെ നിയമിക്കുന്ന കാര്യം പുനരുദ്ധാരണ പരിപാടികൾ നടപ്പാക്കുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly